# 'ആദ്മി' വന്നു, 'ഔരത്ത്' എവിടെ?

**കാഞ്ച ഐലയ്യ**

(ഡയറക്ടർ, സെന്റർ ഫോർ സ്റ്റഡി ഓഫ് സോഷ്യൽ എക്സ്ക്ലൂഷൻ ആന്റ് ഇൻക്ലൂസീവ് പോളിസി, ആസാദ് നാഷണൽ ഉറുദു യൂണിവേഴ്സിറ്റി, ഹൈദരാബാദ്)

സ്വന്തം വീട്ടിൽ ചൂല് കൈകൊണ്ടു തൊട്ടിട്ടില്ലാത്ത ആണുങ്ങൾ പൊതുസ്ഥലങ്ങളിൽ ഒരു ട്രോഫികണക്കേ ചൂലുകൾ ഉയർത്തിപ്പിടിച്ച് നിൽക്കുന്ന ഈ കാഴ്ച കൗതുകകരമാണ്. പുരയിടം തൂക്കാനല്ലെങ്കിലും, കാലഹരണപ്പെട്ട പാർട്ടികളെയും രാഷ്ട്രീയക്കാരെയും തൂത്തുവെടിപ്പാക്കാൻ മധ്യവർഗ്ഗ പുരുഷന്മാർ ഇന്ത്യയുടെ ആം'ഔരത്ത്'മാരുടെ (സാധാരണ സ്ത്രീകളുടെ) കൈകളിൽ നിന്നും ചൂലുകൾ പിടിച്ചുവാങ്ങുന്നതിൽ ഈ സാധാരണ സ്ത്രീകൾ സന്തോഷിക്കുന്നുണ്ടാകും. ആം ആദ്മി പാർട്ടി ഡൽഹി അസംബ്ലി ഇലക്ഷനിൽ രണ്ടാമതെത്തുകയും രാജ്യത്തിന്റെ പലഭാഗങ്ങളിലും രാഷ്ട്രീയ മാറ്റത്തെപറ്റിയുള്ള ആത്മവിശ്വാസം ജനിപ്പിച്ചിരിക്കുകയുമാണല്ലോ. മറ്റെല്ലാ പാർട്ടികളെയും പിന്തള്ളി രാജ്യത്തെ മധ്യവർഗ്ഗ യുവത്വത്തിന്റെയും മറ്റു പ്രബുദ്ധ ജനങ്ങളുടേയും പിന്തുണയോടെ ഈ ആം ആദ്മി പരീക്ഷണം രാജ്യത്തുടനീളം ആവർത്തിക്കപ്പെടുമോ എന്നതാണ് ഇപ്പോൾ ഉയർന്നുവരുന്ന ചോദ്യം.

ഇത് പോലെയുള്ള പരീക്ഷണങ്ങളെ നമുക്ക് ചരിത്രപരമായ സംഭവങ്ങളുമായി തട്ടിച്ചു നോക്കാം. ഒന്നാമതായി 1871 ലെ പാരിസ് കമ്മ്യൂൺ പരീക്ഷണം. വളരെ കൃത്യതയോടുകൂടിയുണ്ടായ ഒരു രാഷ്ട്രീയ ശക്തി പാരീസിലെ മധ്യവർഗ്ഗങ്ങളുമായി ഒത്തുചേർന്ന് നിലവിലുണ്ടായിരുന്ന രാഷ്ട്രീയ ശക്തിക്കുമേൽ ആധിപത്യം പുലർത്തിയ ഒന്നായിരുന്നു അത്. ലോകത്തിലെ ആദ്യത്തെ സ്ഥിതിസമത്വ വ്യവസ്ഥിതിക്ക് പാരീസ് കമ്മ്യൂൺ രൂപം നൽകി. ഒരു നല്ല രാഷ്ട്രീയം എങ്ങനെ പടുത്തുയർത്താമെന്നതിനുള്ള ഉത്തമ ഉദാഹരണം കൂടി ആയിരുന്നു അത്. വ്യവഹാര ചിലവുകൾക്ക് പുതിയ മാനങ്ങൾ കണ്ടെത്തി നൽകുവാനും പാരിസ് കമ്മ്യൂണിനു സാധിച്ചു. കുറഞ്ഞ കാലയളവിലേ വിജയിക്കുവാൻ സാധിച്ചുള്ളൂവെങ്കിലും ഇതാണ് പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു പ്രധാന മാതൃകയാക്കിയത്.

ഭൂമി വിതരണത്തെ മുൻ നിർത്തി, 1977 ൽ പശ്ചിമ ബംഗാളിൽ മാർക്സിസ്റ്റ് പാർട്ടി നേതൃത്വ നിരയിലേക്കുയർന്നതാണ് രണ്ടാമതായി എടുത്തു പറയത്തക്ക ഒന്ന്. ജാതി ഇതര വർഗ്ഗപരിവർത്തനത്തിലാണ് അവർ വിശ്വസിച്ചിരുന്നത്. നേതാക്കന്മാരുടെയും അണികളുടെയും ജാതി വകവയ്ക്കാതെയും സാമൂഹ്യ നീതിയുടെ തത്വങ്ങളെ പിന്തുടരാതെയും, ഓപറേഷൻ ബർഗയുടെ കീഴിൽ എല്ലാവർക്കും ഭൂമി വിതരണം ചെയ്യുന്നതിലാണ് അവർ ശ്രദ്ധ ചെലുത്തിയത്. ബ്രാഹ്മണ കുലീനർ 35 വർഷം ഭരിച്ചു എന്നതായിരുന്നു അതിന്റെ അനന്തര ഫലം. അഴിമതിരഹിത ഭരണമായാണ് ഇടതുഭരണം അറിയിപ്പെട്ടിരുന്നത്, പക്ഷെ സമ്പാദ്യമെല്ലാം കുലീനരുടെ കൈവശമായിരുന്നെന്നു മാത്രം. കൽക്കത്തയിൽപ്പോലും കൂലിപ്പണിക്കാരുടെയും ചേരിനിവാസികളുടെയും മുസ്ലീംങ്ങളുടെയും സ്ഥിതി, സംവരണത്തിലൂടെ സാമൂഹ്യനീതിയുടെ കാര്യത്തിൽ ഏറെ മുന്നോട്ട് പോയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ദുരിതപൂർണ്ണമായിരുന്നു. നീണാൽവാണ് പരാജയപ്പെട്ട ഒരു പരീക്ഷണം മാത്രമായിരുന്നു സി.പി.ഐ(എം).

ആം ആദ്മി പാർട്ടിയിലേക്ക് വരാം. പാർട്ടിക്കുള്ളിലും പുറത്തുമുള്ള സ്ത്രീ പ്രവർത്തകർ വിമർശിക്കാൻ തയ്യാറാകുന്നില്ലെങ്കിലും ആം ആദ്മി പാർട്ടി പുരുഷ കേന്ദ്രീകൃത പാർട്ടി തന്നെയാണ്. സ്ത്രീവാദ പ്രസ്ഥാനങ്ങൾ മുന്നോട്ട് വയ്ക്കുന്ന സ്ത്രീ-പുരുഷ സമത്വമെന്ന ആശയത്തെ പൂർണ്ണമായും റദ്ദു ചെയ്യുന്ന തരത്തിലാണ് പാർട്ടിയുടെ പേരുപോലും. ലോക്പാൽ ബില്ലിനെക്കുറിച്ച് വാചാലരാകുമ്പോഴും ദീർഘകാലമായി തീരുമാനമാകാതെ കിടക്കുന്ന സ്ത്രീ സംവരണ ബില്ലിനെക്കുറിച്ച് ഒരക്ഷരം പോലും മിണ്ടാതെ അവർ ആം 'ആദ്മി' എന്ന പേര് സൂചിപ്പിക്കുന്ന സന്ദേഹം കൂടുതൽ ദൃഢീകരിക്കുന്നുമുണ്ട്. ആം ആദ്മി പാർട്ടിയുടെ പേരിനെക്കുറിച്ചും ഘടനയെക്കുറിച്ചും സ്ത്രീകളുടെ പ്രശ്നങ്ങൾ വിലയിരുത്തുന്നതിലെ പ്രത്യയശാസ്ത്രത്തിന്റെ അഭാവത്തെക്കുറിച്ചും സ്ത്രീകൾ തന്നെ ചിന്തിക്കേണ്ടിയിരിക്കുന്നു.ഈ അഴിമതി വിരുദ്ധ വാചാടോപം വിപ്ലവമായി വിലയിരുത്തപ്പെടുകയാണെങ്കിൽ നമ്മുടെ രാഷ്ട്രീയ നിഘണ്ടുവിൽ നിന്നും വി

പ്ലവം എന്ന സങ്കൽപ്പം തന്നെ എടുത്തു മാറ്റണം.

ഹിന്ദു ദേശീയതയുടെ സങ്കുചിതത്വത്തിൽ ഊന്നിയുള്ള ഒരു പാർട്ടി നിർമ്മാണമായിരുന്നു ആം ആദ്മിയുടേത്. ആം ആദ്മിയുടെ ജന്മഭൂമിയായ ജന്തർ മന്ദിറിൽ കണ്ട, ഭാരത് മാതാ കി ജയ് എന്ന വിളിയോടുകൂടിയ അണ്ണാ ഹസാരെ പരിലാളനങ്ങൾ അത് സ്പടമാക്കുന്നുമുണ്ട്. അന്നത്തെ മുഖ്യ മുദ്രാവാക്യങ്ങളിൽ ഒന്നായിരുന്നു അത്. കോൺവെന്റ് വിദ്യാഭ്യാസ പാരമ്പര്യമുള്ള പാർട്ടി അംഗങ്ങൾ മുതൽ സ്ഥാപക നേതാവായ അരവിന്ദ് കെജ്രിവാൾ വരെ ഒരു പരിപൂർണ്ണ ഹിന്ദി പ്രചാരകനെപ്പോലെയാണ് ആഗോളവത്കൃതമായ ഇന്ത്യയിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ആം ആദ്മിക്കാരുടെ ഗാന്ധിത്തൊപ്പിയിലെ എഴുത്തുകൾ വരെ ഹിന്ദിയിൽ മാത്രമാണുള്ളത്. ഇക്കാരണത്താൽ മാത്രം ദക്ഷിണേന്ത്യയിൽ അവരുടെ സ്വീകാര്യതയ്ക്ക് ഇടിവുണ്ടാകും.

മധ്യവർഗ്ഗ ബുദ്ധിജീവി വിഭാഗങ്ങളുടെ സദാചാര ബോധത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഒരു നേതൃത്വമാണ് ആം ആദ്മിയുടേത്. അഴിമതിയിലാണ് ആ സദാചാരബോധം നങ്കൂരമിട്ടിരിക്കുന്നത്. എന്നാൽ അഴിമതിയെ നിഷ്കാസനം ചെയ്യുക എന്നത് വർഗ്ഗത്തെയോ ജാതിയേയോ ഉന്മൂലനം ചെയ്യുക എന്നപോലെ തന്നെ ഒരു പ്രത്യയശാസ്ത്രമല്ല. അഴിമതി എന്നത് ഇന്ത്യൻ ജാത്യാധികാര വ്യവസ്ഥയിൽ നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന ഒരു അനുഷ്ഠാനമാണ്. രാഷ്ട്രീയത്തിലല്ല, ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥയിലാണ് അതിന്റെ വേരുകൾ ആഴ്ന്നിരിക്കുന്നത്. എന്നാൽ അഴിമതിയെ നിഷ്കാസനം ചെയ്യുമെന്ന് പറയുമ്പോഴും ഈ സാമൂഹ്യവ്യവസ്ഥയിൽ മാറ്റം വരുത്താൻ ആം ആദ്മി പാർട്ടി തയ്യാറാകുന്നുമില്ല.

യൂറോപ്യൻ-അമേരിക്കൻ രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി, ജാതികേന്ദ്രീകൃത അഴിമതിയെ താങ്ങിനിർത്തിയിരുന്ന ജാത്യാധിപത്യ സാമൂഹിക വ്യവസ്ഥയുടെ മേൽ ജനാധിപത്യത്തെ പ്രതിഷ്ഠിക്കുകയായിരുന്നു ഇന്ത്യ ചെയ്തത്.  ഭരണഘടനാനുസൃതമായ ജനാധിപത്യ സംവിധാനം നിലനിൽക്കുമ്പോഴും, ഉത്പാദനപ്രക്രിയയിൽ ഒട്ടും പങ്കാളികളാകാത്ത ചില ജാതിവിഭാഗങ്ങൾ അതിന്റെ സമൃദ്ധി മുഴുവൻ സ്വന്തമാക്കുന്ന സ്ഥിതി ഇവിടെയുണ്ട്. പല ജാതിവിഭാഗങ്ങളും ഉത്പാദനപ്രക്രിയയുമായി ബന്ധപ്പെട്ട് വളരെ ആയസകരമായ ജോലികൾ ചെയ്യുമ്പോൾ തന്നെ നിലനിൽപ്പിന് വേണ്ടി അവർ ഇന്നും ഏറെ കഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. ഇന്ത്യയിലെ അതിസമ്പന്നരെല്ലാം ഈ ഉത്പ്പാനദക്ഷമതയില്ലാത്ത ജാതിവിഭാഗങ്ങളിൽ നിന്നുള്ളവരാണ്. ദരിദ്രരെല്ലാം താഴ്ന്ന ജാതിക്കാരും. ഈ തരത്തിലുള്ള ഒരു വിവേചനം ജനങ്ങളുടെ ജീവിതം തന്നെ പലപ്പോഴും ദുസ്സഹമാക്കി തീർക്കുന്നു. സൂക്ഷമമായി നോക്കിയാൽ, ധനികരുടെ സമസ്ത ജീവിതവും അഴിമതി എന്ന ചരിത്രപ്രക്യയയുമായി അഭേദ്യബന്ധം പുലത്തുന്നതാണെന്ന് മനസ്സിലാക്കാൻ കഴിയും. അഴിമതിയെ ഒരൊറ്റപ്പെട്ട വസ്തുതയായി കൈകാര്യം ചെയ്യാനുദ്ദേശിക്കുന്ന എ.എ.പിയുടെ രീതി രാഷ്ട്രീയ പാർട്ടിക്ക് അനുയോജ്യമായ ചിന്താപദ്ധതിയല്ല. അഴിമതി എന്ന വിഷയത്തിൽ മാത്രം കേന്ദ്രീകരിച്ച് ഉയർന്നുവന്നിട്ടുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനം ലോകത്തൊരിടത്തും ദീർഘകാലം നിലനിന്നിട്ടില്ല. ആം ആദ്മിയുടെ മുൻനിരയിലെ, ഉയർന്ന ജാതിയിൽ നിന്നുള്ള നേതാക്കന്മാർ അഴിമതിയെ ചരിത്രപരമായ ഒരു സാമൂഹ്യാനുഷ്ഠാനം എന്ന നിലയിൽ മനസ്സിലാക്കാൻ താത്പര്യപ്പെടുന്നില്ല. അഴിമതിയെ രാഷ്ട്രീയപാർട്ടികൾക്ക് നേതാക്കന്മാർക്ക് സംഭവിച്ച ഒരു കയ്യബദ്ധം മാത്രമായി കാണുവാനാണ് അവർ ശ്രമിക്കുന്നത്. ഡൽഹിയിലെ, സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന പൊതുവിദ്യാലയങ്ങളിലും സ്വകാര്യവിദ്യാലയങ്ങളിലും ഒരേ രീതിയിലുള്ള പഠന സമ്പ്രദായം കൊണ്ടുവരാൻ എന്തെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ അവരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ടോ? അടിസ്ഥാന പ്രശ്നങ്ങളെ പോലും തൊടാൻ ശ്രമിക്കാത്ത ആം ആദ്മി പാർട്ടി ആയുസ്സിന്റെ കാര്യത്തിൽ പാരിസ് കമ്മ്യൂണിനെ പോലും കടത്തി വെട്ടാനാണ് സാധ്യത. *(കടപ്പാട്: ഏഷ്യൻ ഏജ്, പരിഭാഷ: ആരതി)* ■

പാർട്ടിക്കുള്ളിലും പുറത്തുമുള്ള സ്ത്രീ പ്രവർത്തവകർ വിമർശിക്കാൻ തയ്യാറാകുന്നില്ലെങ്കിലും ആം ആദ്മി പാർട്ടി പുരുഷ കേന്ദ്രീകൃത പാർട്ടി തന്നെയാണ്. സ്ത്രീവാദ പ്രസ്ഥാനങ്ങൾ മുന്നോട്ട് വയ്ക്കുന്ന സ്ത്രീ–പുരുഷ സമത്വമെന്ന ആശയത്തെ പൂർണ്ണമായും റദ്ദുചെയ്യുന്ന തരത്തിലാണ് പാർട്ടിയുടെ പേരുപോലും.